# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ.ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 301**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു വ്യക്തിയുടെ ആളത്വത്തെ പൂർണ്ണമായി നശിപ്പിക്കുന്നു. ലഹരി വസ്തുക്കളുടെ ലഭ്യതയും, വിനാശകരമായ സ്വാധീനവും വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ലഹരി വിമോചന ദൗത്യം ഊർജ്ജിതമായി നടപ്പിലാക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്. ഈ ദൗത്യത്തിന്റെ ഭാഗമായി 2018 ജനുവരി 14–ാം തീയതി ഞായറഴ്ച്ച ലഹരി വിരുദ്ധദിനമായി വേർതിരിച്ചിരിക്കുന്നു. അതിനോടനുബന്ധിച്ച് ഇടവകകളിൽ നൂതനങ്ങളായ ബോധവത്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

നമ്മുടെ സഭാംഗങ്ങൾ മദ്യത്തിനും, മയക്കുമരുന്നിനും വിധേയരാകാതെ ക്രിസ്തീയ സാക്ഷ്യം നിലനിർത്തുവാൻ ഉദ്ബോധിപ്പിക്കുന്നു. ലഹരി വസ്തുക്കളുടെ ഉൽപാദനത്തിനോ വിൽപ്പനയ്ക്കോ ഉപയോഗത്തിനോ യാതൊരു രീതിയിലുമുള്ള പ്രോത്സാഹനവും നൽകുവാൻ പാടില്ല. പള്ളിവക ഹാളുകളിലും, പരിസരങ്ങളിലും വിവാഹം, ഭവനകൂദാശ ആദിയായ സത്കാരങ്ങളിലും ലഹരി വസ്തുക്കളുടെ ഉപയോഗം കർശനമായും നിരോധിക്കണം. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവർ, ഇടവകയുടെ തിരഞ്ഞെടുക്കപ്പെടുന്ന സമിതികളിൽ നിന്നും സ്വയം ഒഴിഞ്ഞുനിൽക്കുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ സഭാംഗങ്ങളല്ലാത്ത സഹോദരങ്ങളെയും ലഹരി ആസക്തിയിൽ നിന്നും സ്വതന്ത്രരാക്കുവാൻ നമ്മുക്ക് കടമയും ചുമതലയും ഉണ്ട്. ഈ വലിയ ലക്ഷ്യത്തോടുകുടി നമ്മുടെ 60–ാം പൗരോഹിത്യ ജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച "ലഹരി വിമോചന സമിതി" എല്ലാ ഇടവകകളിലും ആരംഭിക്കേണ്ടതാകുന്നു. ലഹരി വിമുക്ത വ്യക്തിത്വം, ലഹരി വിമുക്ത കുടുംബം, ലഹരി വിമുക്ത ഇടവക, ലഹരി വിമുക്ത സമൂഹം എന്ന ലക്ഷ്യപ്രാപ്തിക്കായി സഭയായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

മലയാലപ്പുഴ നവജീവ കേന്ദ്രം, കോട്ടയം മോചന, പേയാട് നൈർമ്മല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, കുമ്പനാട് കൗൺസലിംഗ് സെന്റർ, വയനാട് മുക്തി മുതലായ ഡി അഡിക്ഷൻ സെന്ററുകളിൽ ബോധവത്കരണ ക്ലാസ്സുകൾ, കൗൺസലിംഗ്, ആൽക്കഹോളിക്സ് അനോനിമസ് മീററിംഗുകൾ, എന്നിവ ഉൾപ്പെടുന്ന ചികിത്സ നൽകിവരുന്നു. ലഹരി വിപത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും ഫലവത്താകുന്നതിന് ആവശ്യമായ പരിശുദ്ധാത്മ ശക്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2017 ഡിസംബർ 1–ാം തീയതി

J. mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

Circular No.301

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority*

Beloved in Christ,

Alcohol deadens the holistic personality of a human being. In a context of wide use and pernicious availability of Alcohol, the Church is duty bound to campaign against this social evil. We as a Church have set apart the Sunday, 14th of January, 2018 as TEMPERANCE DAY. Our parishes shall envisage novel programmes to impart awareness to fight this menace.

We exhort all members of the Church to uphold their Christian witness by not falling prey to alcohol and narcotic substances. Providing space for the manufacture or sale of liquor and thereby promoting the same is undesirable and totally restricted. Serving alcoholic drinks and substance abuse should be strictly forbidden in the receptions of marriage/house warming ceremonies in Parish Halls and on their premises. It is desirable that alcoholics should refrain themselves from being the members of the elected bodies in the Church. It is our responsibility and sacred duty to free our fellow beings, outside the fold of the Church also, from the evil of alcoholism. The activities of "Lahari Vimochana Samithy", constituted in connection with the 60th anniversary of our Priestly Ordination with a view to implement the temperance movement, should be implemented in all parishes. We as a Church should collaborate for the ultimate aim of alcohol free personality, alcohol free family, alcohol free parish and an alcohol free society.

Treatment for alcoholism and drug addiction including family counseling, Alcoholics anonymous meetings and awareness meetings are made available at Navajeeva Kendram – Malayalapuzha, Mochana – Kottayam, Nairmalya De-addiction & Counselling Centre – Peyadu, Thiruvanathapuram, Aswas – Valakom, Anugraha – Adoor, Kidangannur – Navadarsan De-addiction Centre, Mukti De-addiction Centre – Nadavayal, Wayanad, Counselling Centre – Kumbanad etc. Let us pray that the Holy Spirit may strengthen all our efforts to save our fellow beings from this grave danger of alcoholism.

Grace be with you all.

Dated 1st December 2017 from the Poolatheen, Tiruvalla

**Dr. Joseph Mar Thoma Metropolitan**